(ഡി) യോഗ്യതയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടതും നിലവിലുള്ളതുമായ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും മുൻഗണനാക്രമത്തിൽ 16 പേരെ മീറ്റർ റീഡർമാരായി. നിയമിച്ചിട്ടുണ്ട്. ക്ലാർക്കുമാരായി ആരെയും നിയമിച്ചിട്ടില്ല.

സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി

40 (3981) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റ് നിലവിലുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര ഒഴിവുകളാണ് ഈ തസ്തികയിൽ നിലവിലുള്ളത് ;

(സി) നിലവിൽ ഒഴിവുള്ള തസ്തികയിലേക്ക് അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 25 ഒഴിവുകൾ നിലവിലുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

മൃഗശാലകളും കാഴ്ചബംഗ്ലാവുകളും നവീകരിക്കുന്നതിനുള്ള നടപടി

41 (3982) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൃഗശാലകളും കാഴ്ചബംഗ്ലാവുകളും നവീകരിക്കുന്നതിനും പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ രൂപപ്പെടുത്തുന്നതിനുംവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) തിരുവനന്തപുരം മൃഗശാല നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ;

(ഡി) പുതുതായി നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ; വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly